"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി - ഔദ്യോഗിക ആവശ്യത്തിന് പുതിയ വാഹനം വാങ്ങുന്നതിന് അതോറിറ്റിയുടെ തനത് ഫണ്ടിൽ നിന്നും തുക ചിലവഴിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.138/2023/LSGD തീയതി,തിരുവനന്തപുരം, 06-07-2023

---

പരാമർശം:-

1. 17/04/2018 തീയതിയിലെ സ.ഉ.(അ) നം.66/2018/ധന
2. 05/11/2020 തീയതിയിലെ സ.ഉ.(അ) നം.152/2020/ധന
3. 09/11/2021 തീയതിയിലെ സ.ഉ.(കൈ) നം.130/2021/ധന
4. വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 22/02/2022 തീയതിയിലെ 1314/ഇ3/2022/ജി.സി.ഡി.എ. നം. കത്ത്
5. 09/11/2022 തീയതിയിലെ സ.ഉ.(കൈ) നം.200/2022/ധന

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ) യുടെ ഉടമസ്ഥതയിലുള്ള കാലപ്പഴക്കം മൂലം ലേലം ചെയ്ത് ഒഴിവാക്കിയ KL-7-BF-9421 നമ്പർ അംബാസിഡർ കാറിനു പകരം അതോറിറ്റിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഒരു Z7 XI വേരിയന്റ് ഇന്നോവ ക്രിസ്റ്റ കാർ വാങ്ങുന്നതിന് 15/02/2022 -ൽ ചേർന്ന അതോറിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്നും, ആയതിന് Rs. 31,22,171/- (മുപ്പത്തിയൊന്ന് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നൂറ്റിയെഴുപത്തിയൊന്ന് രൂപ മാത്രം) (ഓൺ റോഡ് പ്രൈസ്) ചെലവ് വരുന്നതാണെന്നും, ഈ തുക അതോറിറ്റിയുടെ തനത് ഫണ്ടിൽ നിന്നും ചിലവഴിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കണമെന്നും പരാമർശം (4) പ്രകാരം ജി.സി.ഡി.എ. സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1,2,3,5 എന്നിവയിലെ വ്യയ നിയന്ത്രണ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ ഇളവ് അനുവദിച്ച് കൊണ്ട് ,വിശാല കൊച്ചി വികസന അതോറിറ്റിയിലെ ഔദ്യോഗിക ആവശ്യത്തിന് ഒരു Z7 XI വേരിയന്റ് ഇന്നോവ ക്രിസ്റ്റ വാഹനം, ടി വാഹനത്തിന്റെ ഓൺ റോഡ് പ്രൈസിന് തുല്യമായ തുക, അതായത് Rs. 31,22,171/- (മുപ്പത്തിയൊന്ന് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി നൂറ്റിയെഴുപത്തിയൊന്ന് രൂപ മാത്രം) അതോറിറ്റിയുടെ തനത് ഫണ്ടിൽ നിന്നും ചിലവഴിച്ച് വാങ്ങുന്നതിന് വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു.

സ.ഉ.(കൈ) നം.138/2023/LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ./ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (2104834/ഡെവ.3/134/2022-ധന തീയതി 30/06/2022)
പൊതുഭരണ (എസ്.സി.) വകുപ്പ്
വെബ് & ന്യൂ മീഡിയ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA3/30/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 07-07-2023 10:18:37
സെക്ഷൻ ഓഫീസർ

പകർപ്പ് : - ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്